# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 115 — 28/05/2019–ൽ മറുപടിയ്ക്ക്

**ഓപ്പറേഷൻ തണ്ടർ**

| **ചോദ്യം**<br>**ശ്രീ.സി.മമ്മൂട്ടി** | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| **(എ)** ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതൊക്കെ പോലീസ് സ്റ്റേഷനുകളിൽ മിന്നൽ പരിശോധന നടത്തി; പരിശോധന നടന്നിട്ടുള്ള സ്ഥലങ്ങളിൽ നിന്ന് ക്രമരഹിതമായി എന്തെല്ലാം കാര്യങ്ങൾ കണ്ടെത്താനായി; അതുപ്രകാരം കുറ്റക്കാരായ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം രീതിയിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | **എ)** ഓപ്പറേഷൻ തണ്ടർ എന്ന പേരിൽ സംസ്ഥാന വ്യാപകമായി 54 പോലീസ് സ്റ്റേഷനുകളിൽ 22/01/2019–ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്. സ്റ്റേഷനുകളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. പരിശോധനയിൽ കണ്ടെത്തിയ പൊതുവായ ക്രമക്കേടുകൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. ഓരോ പോലീസ് സ്റ്റേഷനിലും കണ്ടെത്തിയ ക്രമക്കേടുകളും കാരണക്കാരായ ഉദ്യോഗസ്ഥരുടെ വിശദ വിവരങ്ങളുമടങ്ങിയ സ്റ്റേഷൻ തിരിച്ചുള്ള റിപ്പോർട്ടുകൾ സർക്കാരിൽ ലഭിച്ചുവരുന്നതേയുള്ളൂ. |
| **(ബി)** പ്രസ്തുത ഓപ്പറേഷനിൽ സംസ്ഥാനത്തെ പ്രധാന കോസ്റ്റൽ പോലീസ് സ്റ്റേഷനായ വിഴിഞ്ഞത്തെ ഒഴിവാക്കി എന്ന ആരോപണം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | **ബി)** ഇല്ല |
| **(സി)** പ്രസ്തുത ആരോപണം ശരിവയ്ക്കും വിധം ഈ സ്റ്റേഷനെ അന്വേഷണ പരിധിയിൽ നിന്നൊഴിവാക്കിയിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കുമോ? | **സി)** ബാധകമല്ല |

Ajitha

**സെക്ഷൻ ഓഫീസർ**

## അനുബന്ധം -1

22/01/2019 ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തിയ പോലീസ് സ്റ്റേഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

**1)** തിരുവനന്തപുരം ജില്ല

1) അരുവിക്കര പോലീസ് സ്റ്റേഷൻ
2) കടയ്ക്കാവൂർ പോലീസ് സ്റ്റേഷൻ
3) പൂജപ്പുര പോലീസ് സ്റ്റേഷൻ
4) നേമം പോലീസ് സ്റ്റേഷൻ
5) വലിയതുറ പോലീസ് സ്റ്റേഷൻ
6) ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ
7) ബാലരാമപുരം പോലീസ് സ്റ്റേഷൻ
8) പോത്തൻകോട് പോലീസ് സ്റ്റേഷൻ
9) നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ
10) തുമ്പ പോലീസ് സ്റ്റേഷൻ

**2)** കൊല്ലം ജില്ല

1) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ
2) ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ
3) കുണ്ടറ പോലീസ് സ്റ്റേഷൻ
4) ചാത്തന്നൂർ പോലീസ് സ്റ്റേഷൻ
5) അഞ്ചൽ പോലീസ് സ്റ്റേഷൻ
6) പുനലൂർ പോലീസ് സ്റ്റേഷൻ
7) കൊട്ടാരക്കര പോലീസ് സ്റ്റേഷൻ

**3)** പത്തനംതിട്ട ജില്ല

1) ആറന്മുള പോലീസ് സ്റ്റേഷൻ
2) പന്തളം പോലീസ് സ്റ്റേഷൻ
3) കീഴ്വയ്പൂർ പോലീസ് സ്റ്റേഷൻ
4) അടൂർ പോലീസ് സ്റ്റേഷൻ

**4)** ആലപ്പുഴ ജില്ല

1) മാവേലിക്കര പോലീസ് സ്റ്റേഷൻ
2) ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷൻ

5) ഇടുക്കി ജില്ല

1) കട്ടപ്പന പോലീസ് സ്റ്റേഷൻ
2) അടിമാലി പോലീസ് സ്റ്റേഷൻ
3) കാഞ്ഞാർ പോലീസ് സ്റ്റേഷൻ

6) <u>കോട്ടയം ജില്ല</u>

1) ചിങ്ങവനം പോലീസ് സ്റ്റേഷൻ
2) തലയോലപ്പറമ്പ് പോലീസ് സ്റ്റേഷൻ
3) എരുമേലി പോലീസ് സ്റ്റേഷൻ

7) <u>എറണാകുളം ജില്ല</u>

1) ചേരാനല്ലൂർ പോലീസ് സ്റ്റേഷൻ
2) കോതമംഗലം പോലീസ് സ്റ്റേഷൻ
3) കുന്നത്തുനാട് പോലീസ് സ്റ്റേഷൻ
4) അങ്കമാലി പോലീസ് സ്റ്റേഷൻ
5) പള്ളുരുത്തി കസബ പോലീസ് സ്റ്റേഷൻ
6) സെൻട്രൽ പോലീസ് സ്റ്റേഷൻ കൊച്ചി

8) <u>തൃശ്ശൂർ ജില്ല</u>

1) ചാവക്കാട് ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ
2) തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ
3) പുതുക്കാട് പോലീസ് സ്റ്റേഷൻ

9) <u>പാലക്കാട് ജില്ല</u>

1) ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ
2) കൊഴിഞ്ഞാമ്പാറ പോലീസ് സ്റ്റേഷൻ

10) <u>കോഴിക്കോട് ജില്ല</u>

1) പയ്യോളി പോലീസ് സ്റ്റേഷൻ
2) സിറ്റി ടൗൺ കോഴിക്കോട് പോലീസ് സ്റ്റേഷൻ
3) കസബ പോലീസ് സ്റ്റേഷൻ
4) ബാലുശ്ശേരി പോലീസ് സ്റ്റേഷൻ

11) <u>വയനാട് ജില്ല</u>

1) പുൽപ്പള്ളി പോലീസ് സ്റ്റേഷൻ
2) മേപ്പാടി പോലീസ് സ്റ്റേഷൻ

12) <u>മലപ്പുറം ജില്ല</u>

1) അരീക്കോട് പോലീസ് സ്റ്റേഷൻ
2) എടവണ്ണ പോലീസ് സ്റ്റേഷൻ
3) കുറ്റിപ്പുറം പോലീസ് സ്റ്റേഷൻ

13) <u>കണ്ണൂർ ജില്ല</u>

1) ചക്കരക്കൽ പോലീസ് സ്റ്റേഷൻ
2) ഉളിക്കൽ പോലീസ് സ്റ്റേഷൻ
3) കൊളവല്ലൂർ പോലീസ് സ്റ്റേഷൻ

**14) <u>കാസർഗോഡ് ജില്ല</u>**

1) കുമ്പള പോലീസ് സ്റ്റേഷൻ

2) ബേക്കൽ പോലീസ് സ്റ്റേഷൻ

സെക്ഷൻ ഓഫീസർ

## അനുബന്ധം-2

മിന്നൽ പരിശോധനയിൽ പ്രധാനമായും താഴെപ്പറയുന്ന ക്രമക്കേടുകളാണ് വിവിധ പോലീസ് സ്റ്റേഷനുകളിൽ കണ്ടെത്തിയിട്ടുള്ളത്.

1. പോലീസ് മേധാവിയുടെ സർക്കുലർ 23/2013 പ്രകാരം പോലീസ് സ്റ്റേഷൻ പരിസരത്ത് വാഹനം തരംതിരിച്ച് സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.
2. പരാതികൾ കൃത്യമായി രേഖപ്പെടുത്തി നടപടികൾ സ്വീകരിക്കണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ 23/2012 പാലിക്കുന്നതിൽ വീഴ്ച കണ്ടെത്തിയിട്ടുണ്ട്.
3. പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ ക്യാഷ് ബുക്ക് മറ്റ് രജിസ്റ്ററുകൾ എന്നിവ ശരിയായി പരിപാലിക്കുന്നില്ല.
4. മോട്ടോർ വാഹന കേസുകളിൽ ശരിയായ അന്വേഷണം നടത്താതിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.
5. കോടതിയിൽ നിന്നുള്ള വാറണ്ടുകൾ പ്രോസസ് രജിസ്റ്ററിൽ രേഖപ്പെടുത്താതെയും വാറണ്ട് നടപ്പാക്കാതെ വീഴ്ച വരുത്തുന്നതായും കണ്ടെത്തിയിട്ടുണ്ട്.
6. നടപടിക്രമങ്ങൾ പാലിക്കാതെ കള്ള് സാമ്പിളുകൾ ശേഖരിച്ചതിലും രാസപരിശോധനാഫലം ഇല്ലാതെ അന്തിമറിപ്പോർട്ട് തയ്യാറാക്കിയതിലും ഷാപ്പ് കരാറുകാരും പോലീസ് ഉദ്യോഗസ്ഥരും തമ്മിൽ അവിശുദ്ധബന്ധം ഉള്ളതായി കണ്ടെത്തി.
7. ചില പോലീസ് സ്റ്റേഷനുകളിൽ കഞ്ചാവ്, സ്വർണ്ണം എന്നിവ ആവശ്യമായ രേഖകളിൽ പെടുത്താതെ സൂക്ഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.
8. പോലീസ് ഉദ്യോഗസ്ഥരുടെ മേശവലിപ്പിൽ വാഹനങ്ങളുടെ താക്കോൽക്കൂട്ടങ്ങൾ മൊബൈൽ ഫോണുകൾ ആധാർ കാർഡ്, എ.ടി.എം കാർഡ്, ഇലക്ഷൻ ഐഡി കാർഡ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവ അനധികൃതമായി സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു.
9. സ്റ്റേഷനുകളിലെ അന്വേഷണാവസ്ഥയിലുള്ള കേസുകളുടെ Pending list യഥാർത്ഥത്തിലുള്ള pending കേസുകളേക്കാൾ കുറവായി രേഖപ്പെടുത്തിയതായി കണ്ടെത്തിയിട്ടുണ്ട്.
10. സിവിൽ സ്വഭാവമുള്ളതും പണസംബന്ധമായ പരാതികളും പോലീസ് സ്റ്റേഷനുകളിൽ കൈകാര്യം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്.
11. സ്റ്റേഷനിൽ പൊതുജനങ്ങൾക്ക് കാണത്തക്കവിധത്തിൽ പ്രദർശിപ്പിക്കേണ്ടതായ സേവനാവകാശ നിയമപ്രകാരമുള്ള ബോർഡ്, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഫോൺ നമ്പരുകൾ രേഖപ്പെടുത്തിയ ബോർഡ് എന്നിവ പ്രദർശിപ്പിച്ചിട്ടില്ല.

Ajith (signature)
സെക്ഷൻ ഓഫീസർ

Scanned by CamScanner